## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1931 | 06.07.2015 ന് മറുപടിയ്ക്ക്.

### അരണ്യം മാസിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) അരണ്യം മാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കാമോ; | (എ) & (ബി) അരണ്യം ദ്വൈമാസിക നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നവംബർ 2013-ന് ശേഷം പ്രസിദ്ധീകരണം നടന്നിട്ടില്ല. 2013-ൽ സർക്കാർ അനുമതിയോടെ തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സിൽ ആറ് ലക്കങ്ങൾ അച്ചടിച്ചു. 2014-ൽ ഈ പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. ഏതെങ്കിലും സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്. |
| (സി) വനഗവേഷണകേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പേജുകൾ റിസർവ് ചെയ്ത് ഫീച്ചറുകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക വനവിജ്ഞാനമേഖലയിലേക്ക് കൂടി വ്യാപിപ്പിക്കാൻ നിർദ്ദേശിക്കാമോ? | (സി) അച്ചടിച്ച് തുടങ്ങുന്ന മുറയ്ക്ക്, വനഗവേഷണകേന്ദ്രം, കോളേജ് ഓഫ് ഫോറസ്ട്രി എന്നിവയിലെ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും നിന്ന് അരണ്യം ദ്വൈമാസികയിലേക്ക് വന വിജ്ഞാനപ്രദമായ ഫീച്ചറുകൾ ലഭിക്കുകയാണെങ്കിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.